# Minutes of the Board of Studies Meeting of Malayalam CMS College, Kottayam (Autonomous) held at 11 AM on 2nd July 2016

കോട്ടയം സി.എം.എസ്.കോളജ് മലയാളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗം, 2016 ജൂലൈ 2-ന് രാവിലെ 11 മണിക്ക് മലയാളം ഗവേഷണ കേന്ദ്രത്തിൽ ചേർന്നു. ബി.ഒ.എസ് ചെയർമാൻ ഡോ.ബാബു ചെറിയാൻ അധ്യക്ഷത വഹിച്ചു. യോഗത്തിൽ മുകളിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്ന അംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ എടുത്ത തീരുമാനങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. **തീരുമാനങ്ങൾ:-**

   (01) ഡോ. കെ. എൻ. ശ്രീകാന്തിനെ മെമ്പർ സെക്രട്ടറിയായി തെരഞ്ഞെടുത്തു.

   (02) 2016-17 അധ്യയനവർഷത്തേക്ക്, ഒന്നാം വർഷ മലയാളം ബിരുദപ്രോഗ്രാമിന്, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നിലവിലുള്ള സിലബസ് പ്രകാരം, പഠിപ്പിക്കണമെന്ന് തീരുമാനിച്ചു.

2. **നിർദ്ദേശങ്ങൾ:-**

   ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിശദവും സുദീർഘവുമായ ചർച്ചയിൽ, പൊതുവേ ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ സംഗ്രഹിച്ചു ചേർക്കുന്നു.

   (01) തൊഴിലധിഷ്ഠിത ഘടകത്തെ ശക്തിപ്പെടുത്തുകയും വിദ്യാർത്ഥികളിൽ ഗവേഷണാഭിമുഖ്യം വർധിപ്പിക്കുകയും ചെയ്യുന്ന കോഴ്സുകൾ ഭാവിയിൽ പാഠ്യക്രമത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണം.

   (02) ഇന്റേണൽ പരീക്ഷ ഒരു സെമസ്റ്ററിൽ ഒന്നുമാത്രം എന്നു നിജപ്പെടുത്തണം, അറുപതുശതമാനം പാഠഭാഗമെങ്കിലും പഠിപ്പിച്ചതിനുശേഷം മാത്രമേ ഇന്റേണൽ പരീക്ഷ നടത്താവൂ.

   (03) ഭാഷാപ്രയോഗനൈപുണ്യം പ്രദാനം ചെയ്യുംവിധം വ്യാകരണപഠനം പരിഷ്ക്കരിക്കണം.

   (04) ഭാഷാശാസ്ത്രത്തിന്റെ പുതിയ വ്യാവഹാരിക മേഖലകൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തണം.

   (05) വ്യാകരണം, ഭാഷാശാസ്ത്രം തുടങ്ങിയ കോഴ്സുകളിൽ ഏറ്റവും പുതിയ പുസ്തകങ്ങൾ കുട്ടികളെ പരിചയപ്പെടുത്തണം.

   (06) ഭാഷാപഠനത്തിൽ ഭാഷാഭേദങ്ങളുമായുള്ള പ്രായോഗിക പരിചയത്തിനുകൂടി പ്രാധാന്യം നൽകണം.

   (07) കുട്ടികളിൽ ദൃശ്യമാധ്യമം ചെലുത്തുന്ന വമ്പിച്ച പ്രാധാന്യം കണക്കിലെടുത്ത്, ടി വിഷയത്തിന്റെ പഠനത്തിന് ഊന്നൽ നൽകണം.

   (08) സിലബസിന്റെ ഭാഗമായി, ഭാഷാസാഹിത്യ വിദ്യാർത്ഥികൾക്ക് പഠനാന്തരം വളരെ പ്രയോജനപ്പെടുന്ന കണ്ടന്റ്റൈറ്റിങ്, മീഡിയ എത്തിക്സ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തണം.

   (09) വിദ്യാർത്ഥികൾക്ക് വായനാസൗകര്യം നൽകുന്നതിനും അവരുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രത്യേക ലൈബ്രറി സമയം, കരിക്കുലത്തിന്റെ ഭാഗമായി നിർണയിക്കണം. ഭാഷാസാഹിത്യവിദ്യാർത്ഥികളെ സംബന്ധിച്ച് ഇതു വളരെ പ്രധാനപ്പെട്ട കാര്യമാണ്.

   (10) സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ നിലവിലുള്ള സിലബസ്, വിവിധ സർവകലാശാലകളിലും മറ്റു സ്ഥാപനങ്ങളിലും സമാനകോഴ്സുകളിൽ നിലവിലുള്ള സിലബസ് എന്നിവയുടെ കോപ്പികൾ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കു മുൻകൂട്ടി നൽകണം.

   (11) പരിഷ്ക്കരിച്ച സിലബസുകൾ 2016 ഡിസംബറോടുകൂടി തയ്യാറാകുംവിധം പ്രവർത്തനങ്ങൾ നിർവ്വഹിക്കണം.

മലയാളം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ യോഗം 12.30 പി.എം. ന് സമംഗളം പര്യവസാനിച്ചു.

(Sd)

കോട്ടയം — ഡോ. ശ്രീകാന്ത് കെ. എൻ.

02.07.2016 — മെമ്പർ സെക്രട്ടറി

# Minutes of the Board of Studies Meeting of Malayalam CMS College, Kottayam (Autonomous) held at 10 AM on 25th JANUARY 2018

കോട്ടയം സി.എം.എസ്.കോളജ് മലയാളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗം, 2018 ജനുവരി 25-ന് രാവിലെ 10 മണിക്ക് മലയാളം ഗവേഷണ കേന്ദ്രത്തിൽ ചേർന്നു. ബി.ഒ.എസ് ചെയർമാൻ ഡോ.ബാബു ചെറിയാൻ അധ്യക്ഷത വഹിച്ചു. യോഗത്തിൽ മുകളിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്ന അംഗങ്ങളും മെമ്പർ സെക്രട്ടറിയും പങ്കെടുത്തു.

ചെയർമാൻ എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. 'നാക്'' മാർഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള കരിക്കുലം വികസനപ്രകാരം, 2018 അഡ്മിഷൻ മുതൽ പ്രാബല്യത്തിലാകത്തക്കവിധം ബി.എ (മലയാളം) പ്രോഗ്രാമിന്റെ സിലബസ് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതായും അതിനുള്ള തീരുമാനം ഈ യോഗത്തിൽ ഉണ്ടാകേണ്ടതുണ്ടെന്നും ചെയർമാൻ ആമുഖമായി സൂചിപ്പിച്ചു.

തുടർന്ന് ബി.ഒ.എസ് താഴെപ്പറയുന്ന തീരുമാനങ്ങളും നിഗമനങ്ങളും സ്വീകരിച്ചു.

1. 2018 അഡ്മിഷൻ മുതൽ പ്രാബല്യത്തിലാകത്തക്കവിധം ബി.എ (മലയാളം) പ്രോഗ്രാമിന്റെ സിലബസ്, 'നാക്' മാർഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിക്കുന്നതാണ്.
2. അഞ്ച് ഇനങ്ങളിലായി 'നാക്' കരിക്കുലം വികസനത്തിനു നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ, ബി.ഒ.എസ് വിശദമായി ചർച്ച ചെയ്തു.

(Sd)

കോട്ടയം<br>
25.01.2018

ഡോ. ശ്രീകാന്ത് കെ. എൻ.<br>
മെമ്പർ സെക്രട്ടറി